# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം,
# കേരളം

നം-ഇ.എൽ.4/47/2026-ഇലക്ഷൻ

ഇലക്ഷൻ (ജനറൽ) വകുപ്പ്
തിരുവനന്തപുരം, തീയതി: 25-02-2026

## സർക്കുലർ

വിഷയം:- ഇലക്ഷൻ വകുപ്പ് - കേരള നിയമസഭ പൊതു തിരഞ്ഞെടുപ്പ്, 2026 - പ്രചാരണത്തിലെ തെറ്റായ പ്രവണതകൾ അവസാനിപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- (1) ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരണം 'Manual on Model Code of Conduct' ന്റെ അദ്ധ്യായം 12 & 16.

(2) ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ 11/10/2022-ലെ 437/6/ECI/INST/FUNCT/MCC/2022 നമ്പർ നിർദ്ദേശം

2026-ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പ് മാതൃകാപരമായി നടത്തുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും പ്രവർത്തനങ്ങൾക്ക് പുറമെ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പൊതുജനങ്ങളുടേയും സഹകരണവും അത്യാവശ്യമാണ്. തിരഞ്ഞെടുപ്പ് സമയത്ത് റോഡുകളിൽ ചിഹ്നങ്ങൾ വരച്ച് വൃത്തികേടാക്കുന്നത് പതിവായി കാണാറുള്ളതാണ്. റോഡ് ഗതാഗതത്തിനും യാത്രക്കാർക്കും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഇക്കാര്യത്തിൽ നിരുത്തരവാദപരമായ സമീപനമാണ് പലപ്പോഴും ഉണ്ടാകുന്നത്. പൊതുപണം ഉപയോഗിച്ച് മികച്ച രീതിയിൽ നിർമ്മിച്ച റോഡുകളിലാണ് ഇത്തരം പ്രവർത്തികൾ നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട സൂചന (1) മാതൃകാ പെരുമാറ്റ ചട്ടത്തിലെ പ്രസക്ത ഭാഗങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

*'സർക്കാർ കെട്ടിടങ്ങൾ അല്ലെങ്കിൽ അവയുടെ പരിസരങ്ങളിൽ (സിവിൽ നിർമ്മിതികൾ ഉൾപ്പെടെ) ചുവരെഴുതുന്നത്, പോസ്റ്ററുകളോ പേപ്പറുകളോ പതിപ്പിക്കുന്നത്, മറ്റേതെങ്കിലും തരത്തിൽ വികൃതമാക്കുന്നത്, അല്ലെങ്കിൽ കട്ടൗട്ടുകൾ, ഹോർഡിംഗുകൾ, ബാനറുകൾ, കൊടികൾ തുടങ്ങിയവ സ്ഥാപിക്കുന്നതോ പ്രദർശിപ്പിക്കുന്നതോ അനുവദനീയമല്ല.'*

*'റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ ഡിസ്പെൻസറികൾ/ആശുപത്രികൾ, പോസ്റ്റ് ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, വിമാനത്താവളങ്ങൾ, പാലങ്ങൾ, റെയിൽവേ ഫ്ലൈഓവറുകൾ, റോഡുകൾ, സർക്കാർ ബസ്സുകൾ, സർക്കാർ/പൊതു കെട്ടിടങ്ങൾ/പരിസരങ്ങൾ, സിവിൽ നിർമ്മിതികൾ, ഇലക്ട്രിക്/ടെലിഫോൺ പോസ്റ്റുകൾ, മുനിസിപ്പൽ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ തുടങ്ങിയ പൊതുസ്ഥലങ്ങളോ പൊതുസ്വത്തുക്കളോ രാഷ്ട്രീയ പരസ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ട്, തിരഞ്ഞെടുപ്പ് കാലയളവിൽ പ്രചാരണത്തിന്റെ ഭാഗമായി ചുവരെഴുത്തുകളോ, പോസ്റ്ററുകൾ/പേപ്പറുകൾ പതിപ്പിക്കുന്നതോ, മറ്റേതെങ്കിലും തരത്തിൽ വികൃതമാക്കുന്നതോ, അല്ലെങ്കിൽ കട്ടൗട്ടുകൾ, ഹോർഡിംഗുകൾ, ബാനറുകൾ, കൊടികൾ തുടങ്ങിയവ സ്ഥാപിക്കുന്നതോ പ്രദർശിപ്പിക്കുന്നതോ അനുവദിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്.'*

ഇതിന് പുറമെ സൂചന (2) നിർദ്ദേശങ്ങളിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ കൂടി വ്യക്തമാക്കിയിട്ടുണ്ട്.

1. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ അസോസിയേഷനോ സ്ഥാനാർത്ഥിയോ വ്യക്തിയോ, നിലവിലുള്ള പ്രാദേശിക നിയമങ്ങൾ അല്ലെങ്കിൽ മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും വസ്തുവകകൾ വികൃതമാക്കുകയാണെങ്കിൽ, അത് ഉടൻ തന്നെ നീക്കം ചെയ്യുന്നതിനായി വരണാധികാരിയോ (Returning Officer) ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറോ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകേണ്ടതാണ്.
2. രാഷ്ട്രീയ പാർട്ടിയോ അസോസിയേഷനോ സ്ഥാനാർത്ഥിയോ വ്യക്തിയോ ഇതിനോട് ഉടനടി പ്രതികരിക്കാത്ത പക്ഷം, ജില്ലാ ഭരണകൂടത്തിന് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിനായി വരുന്ന

ചെലവുകൾ ഉത്തരവാദിയായ രാഷ്ട്രീയ പാർട്ടിയോ അസോസിയേഷനോ സ്ഥാനാർത്ഥിയോ വ്യക്തിയോ നൽകേണ്ടതാണ്.

3. കൂടാതെ, മേൽ തുക ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കേണ്ടതാണ്. നിലവിലുള്ള നിയമങ്ങൾ പ്രകാരം (under the law relating to prevention of defacement, if any, or under the provisions of the general law for causing willful damage to the property of others) കുറ്റക്കാർക്കെതിരെ നിയമനടപടികൾ ആരംഭിക്കുകയും വേണം.

മേൽ മാർഗ്ഗനിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ 2026 നിയമസഭ പൊതു തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് പൊതു റോഡുകളിൽ ചിഹ്നങ്ങൾ/അടയാളങ്ങൾ/എഴുത്തുകൾ/വസ്തുക്കൾ തറയ്ക്കൽ/ പോസ്റ്ററുകൾ പതിപ്പിക്കൽ തുടങ്ങി എല്ലാത്തരം പ്രവർത്തികളിൽ നിന്നും രാഷ്ട്രീയ പാർട്ടികളും വ്യക്തികളും വിട്ടുനിൽക്കണമെന്നും, അത്തരം പ്രവർത്തികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം വരണാധികാരിയോ (Returning Officer) ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറോ മുകളിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകുന്നു.

ഡോ.രത്തൻ യു കേൽകർ ഐ എ എസ്

CHIEF ELECTORAL OFFICER & SECRETARY

ഉത്തരവിൻ പ്രകാരം
Signed by
Shivlal R V
Date: 25-02-2026 16:21:38

സെക്ഷൻ ഓഫീസർ.

<u>പകർപ്പ് :-</u>

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും.

സംസ്ഥാന പോലീസ് മേധാവി.

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ)/(റൂറൽ)

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും

എല്ലാ വരണാധികാരികൾക്കും/ ഉപവരണാധികാരികൾക്കും/ എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ)-(മാധ്യമങ്ങൾ വഴി വ്യാപക പ്രചരണത്തിന്)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

കരുതൽ ഫയൽ (ഇ.എൽ.4/47/2026-ഇലക്ഷൻ).